# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3088 10.12.2018 ൽ മറുപടിക്ക്**

**തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ. എൻ. ഷംസീർ | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) ഈ സർക്കാർ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും ഏതാണെന്നും അവയിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പൂർത്തിയാവാത്തവ ഏതെല്ലാമാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

ബി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

എ) & ബി) I ഈ സർക്കാർ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ തലശ്ശേരി മണ്ഡലത്തിൽ സി.ആർ.എഫ് പദ്ധതിയിൽപ്പെടുത്തി കയ്യാലി - കൊളശ്ശേരി - എരിഞ്ഞോളി- തോട്ടുമ്മൽ- കതിരൂർ റോഡ് കി.മീ **0/000** മുതൽ **10/000** വരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ തലശ്ശേരി മുതൽ കളറോഡ് വരെയുള്ള റോഡിന്റെ പുനരുദ്ധാരണ (പാക്കേജ്3എ) പ്രവൃത്തികളാണ് KSTP നടത്തുന്നത്. 50 ശതമാനത്തിന് മേൽ പ്രവൃത്തി പുരോഗതി കൈവരിച്ച ഈ പദ്ധതി 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡ് വിഭാഗത്തിനു കീഴിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ബജറ്റ് വർക്ക് 2016-17</u>

1. പാറാൽ - പുന്നോൽ റോഡ് കി.മീ 0/000 മുതൽ 2/530 വരെ പുനരുദ്ധാരണം - പണി പൂർത്തീകരിച്ചു.

<u>പണി നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ.</u>
<u>(ബജറ്റ് വർക്ക് 2016-17 )</u>

1. ചോനാടം - കുണ്ടുചിറ റോഡ് കി.മീ 0/000 മുതൽ 2/000 വരെ പുനരുദ്ധാരണം-മെക്കാഡം ടാറിംഗ്

പണി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കതിരൂർ - നാദാപുരം റോഡ് കി.മീ 0/000 മുതൽ 3/800 വരെ മെക്കാഡം ടാറിംഗ് നടത്തി പുനരുദ്ധാരണം - റോഡ് സേഫ്റ്റി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ബജറ്റ് വർക്ക് 2017-18

1. പെരിങ്ങാടി പള്ളിക്കുനി റോഡ് കി.മീ 3/000 മുതൽ 3/875 വരെ വീതി കൂട്ടി പുനരുദ്ധാരണം - പ്രവൃത്തി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

2. പൂക്കോം - മാടപ്പീടിക റോഡ് കി.മീ 2/000 മുതൽ 5/645 വരെ - സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

3. പൂക്കോം - ചൊക്ലി റോഡ് കി.മീ 0/000 മുതൽ 2/740 വരെ - പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. തലശ്ശേരി- കോടിയേരി റോഡ് കി.മീ 0/000 മുതൽ 3/445 വരെ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. വീതി കൂട്ടി പുനരുദ്ധാരണം- സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കിഫ്ബി 2017- 18

1. തിരുവങ്ങാട് - ചമ്പാട് റോഡ് കി.മീ 1/807 മുതൽ 5/208 വരെയും കി.മീ 6/126 മുതൽ 7/120 വരെയും പുനരുദ്ധാരണ പ്രവൃത്തി - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

II ഈ സർക്കാർ വന്നതിനു ശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പാലങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കിഫ്ബി 2016- 17

1. അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെ

പുളിഞ്ഞോളിക്കടവ് പാലം നിർമ്മാണം - ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസും അലൈൻമെന്റും ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഡിസൈനിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ജലപാത വരുന്നതിനാൽ ഡിസൈനിൽ മാറ്റം വരുത്തി ലഭിക്കേണ്ടതുണ്ട്. എന്നാൽ ടി ക്ലിയറൻസ് സംസ്ഥാന ജലപാത വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

2. തലശ്ശേരി മുൻസിപ്പാലിറ്റിയെയും കതിരൂർ ഗ്രാമ പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന - കണ്ടുചിറ പാലം നിർമ്മാണം - ടി പ്രവൃത്തിക്ക് KRFB യിൽ നിന്നും ഉത്തരവ് നം. എ.പി.ആർ - 1/174/2017/കിഫ്ബി തീയതി 19.09.2017 പ്രകാരം 1017 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി പാലവും സംസ്ഥാന ജലപാതയിൽ വരുന്നതിനാൽ ഡിസൈൻ മാറ്റം വരുത്തി ലഭ്യമാക്കേണ്ടതുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി KRFB യിലേക്ക് സമർപ്പിക്കുന്നതാണ്.

പൂർത്തിയാകാത്ത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റു പ്രവൃത്തികളും എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ